# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1943** — **17.12.2012-ൽ മറുപടിയ്ക്ക്**

### പാട്ടക്കരാർ അവസാനിച്ചതിനുശേഷവും വനം വകുപ്പിന് തിരികെ ലഭിച്ചിട്ടില്ലാത്ത ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ ഏതെല്ലാം ഭൂമികളാണ് പാട്ടക്കരാർ അവസാനിച്ചതിനുശേഷവും വനം വകുപ്പിന് തിരികെ ലഭിച്ചിട്ടില്ലാത്തതെന്ന് വിശദമാക്കുമോ ; | (എ) പാട്ടക്കരാർ അവസാനിച്ചതിനുശേഷവും വനം വകുപ്പിന് തിരികെ ലഭിച്ചിട്ടില്ലാത്ത വനം വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ ഭൂമികളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) വനം വകുപ്പിന് അർഹതപ്പെട്ടതും എന്നാൽ പാട്ടക്കരാർ നൽകിയിട്ടുള്ളതുമായ എസ്റ്റേറ്റുകളും ഭൂമികളും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) വനം വകുപ്പിന് അർഹതപ്പെട്ടതും എന്നാൽ പാട്ടക്കരാർ നൽകിയിട്ടുള്ളതുമായ എസ്റ്റേറ്റുകളും ഭൂമികളും സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) വനം വകുപ്പിനവകാശപ്പെട്ട എത്ര ഏക്കർ ഭൂമി കേസ്സുകളുടെയും മറ്റും ഫലമായി കൈവശപ്പെടുത്താൻ കഴിയാതെയുണ്ടെന്നും അവ എത്ര ഏക്കർ വീതം ഓരോ ജില്ലയിലും ഉണ്ടെന്നും വെളിപ്പെടുത്താമോ ? | (സി) പാലക്കാട് ജില്ലയിൽ താഴെപ്പറയുന്ന തോട്ടങ്ങളാണ് കേസ്സുകളുടെയും മറ്റും ഫലമായി സർക്കാരിലേക്ക് തിരികെ ഏറ്റെടുക്കാൻ കഴിയാത്തത്.<br><br>1 ചെറുനെല്ലി ലോവർ : 278.80 ഏക്കർ<br>2 മോങ്ക്‌വുഡ് : 232.82 ഏക്കർ<br>3 രാജാക്കാട് : 288.85 ഏക്കർ<br><br>കാസർഗോഡ് ജില്ലയിൽ 39.8729 ഏക്കർ വനഭൂമിയും തൃശൂർ ജില്ലയിൽ 4919.10 ഏക്കർ വനഭൂമിയും കേസ്സുകളുടെയും മറ്റും ഫലമായി സർക്കാരിലേക്ക് ഏറ്റെടുക്കാൻ കഴിയാതെയുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ